**പതിനാലാം കേരള നിയമസഭ**
**പത്തൊൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.124

02-03-2020 - ൽ മറുപടിയ്ക്ക്

**ഹോം ഗാർഡുകളുടെ നിയമനം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.റോജി എം.ജോൺ** | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) സംസ്ഥാനത്ത് ഹോം ഗാർഡുകളെ നിയമിക്കുന്നതിന്റെ രീതിയും അവരുടെ യോഗ്യതയും വ്യക്തമാക്കുമോ; | എ) 35 നും 58 നും ഇടയിൽ പ്രായമുള്ളവരും എസ്.എസ്.എൽ.സി പാസ്സായവരും നല്ല ശാരീരിക ക്ഷമതയുള്ളവരും ആർമി, നേവി, എയർഫോഴ്സ് തുടങ്ങിയ സേനകളിൽ നിന്നും ബി.എസ്.എഫ്, സി.ആർ.പി.എഫ്, ഐ.റ്റി.ബി.പി, സി.ഐ.എസ്.എഫ്, എസ്.എസ്.ബി, ആസ്സാം റൈഫിൾസ് തുടങ്ങിയ അർദ്ധ സൈനിക വിഭാഗങ്ങളിൽ നിന്നും, കേരളാ പോലീസ്, ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ്, ഫോറസ്റ്റ്, ജയിൽ, എക്സൈസ് എന്നിവയിൽ നിന്നും വിരമിച്ച സേനാംഗങ്ങളിൽ അർഹരായവരെയുമാണ് ഹോംഗാർഡുമാരായി നിയമിക്കുന്നത്.<br><br>ജില്ല ഫയർ ഓഫീസർ, സൂപ്രണ്ട് ഓഫ് പോലീസ്, ജില്ലാ സൈനിക് വെൽഫയർ ഓഫീസർ എന്നിവർ ഉൾപ്പെട്ട കമ്മിറ്റി നിശ്ചിത ശാരീരിക ക്ഷമതാ മാനദണ്ഡങ്ങൾ തെളിയിച്ച |

| | | | |
|---|---|---|---|
| | | | ഉദ്യോഗാർത്ഥികളിൽ നിന്നും പ്രായം കുറഞ്ഞവർക്ക് മുൻഗണന നൽകിയാണ് തെരഞ്ഞെടുക്കുന്നത്. |
| ബി) | ഈ സർക്കാർ നിലവിൽ വന്നശേഷം എത്ര ഹോംഗാർഡ്സുകളെ നിയമിച്ചുവെന്നും വിമുക്ത ഭടന്മാരെ കൂടാതെ വേറെ ഏതൊക്കെ വിഭാഗത്തിൽപ്പെട്ടവരെയാണ് ഹോം ഗാർഡ്സുകളായി നിയമിക്കുന്നതെന്നും വിശദമാക്കാമോ; | ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ആകെ 376 ഹോം ഗാർഡ്സുകളെ നിയമിച്ചു വിമുക്ത ഭടൻമാരെ കൂടാതെ കേരളാ പോലീസ്, ഫയർ & റെസ്ക്യൂ സർവ്വീസസ്, ഫോറസ്റ്റ്, ജയിൽ, എക്സൈസ് എന്നീ വിഭാഗങ്ങളിൽ നിന്നും വിരമിച്ചവരേയും നിയമിച്ചിട്ടുണ്ട്. |
| സി) | നിലവിൽ ഇവർക്ക് നൽകുന്ന വേതനം എത്രയാണ്; അത് പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | സി) | നിലവിൽ ഹോംഗാർഡ്സുകൾക്ക് 765/- രൂപ ദിവസവേതനം നൽകി വരുന്നു. 2019 ആഗസ്റ്റ് മാസത്തിലാണ് പ്രസ്തുത വർദ്ധനവ് വരുത്തിയിട്ടുള്ളത്. വേതനം പരിഷ്കരിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ